(ബി) ഇതു പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; ഈ ഭാഗത്തെ വോൾട്ടേജ് ക്ഷാമം എന്നത്തേക്ക് പരിഹരിക്കുന്നതിന് കഴിയും?

ഉത്തരം

(എ, ബി) ഉണ്ട്. പൊറാശ്ശേരി-ചേന്ദമംഗലൂർ ഹൈസ്ക്കൂൾ റോഡ് ഭാഗത്ത് സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുന്നതിന് 84,815 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ഉടനെ തുടങ്ങി, ആറ് മാസത്തിനകം തീർത്ത്, പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മിനിമം ഗ്യാരൻറിയിൽ വൈദ്യുതി കണക്ഷൻ നൽകുന്ന നടപടി

43 [2032] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി മണ്ഡലത്തിൽ മിനിമം ഗ്യാരൻറിയിൽ വൈദ്യുതി കണക്ഷൻ നൽകാൻ ബാക്കിയുള്ള പ്രദേശങ്ങൾ ഉണ്ടോ:

(ബി) എങ്കിൽ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ കണക്ഷനുകൾ നൽകുന്നതിനുള്ള കാലതാമസത്തിൻറെ കാരണം വ്യക്തമാക്കാമോ:

(ഡി) ഈ പ്രദേശങ്ങൾ എന്നത്തേക്ക് വൈദ്യുതീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എളമ്പ്ര-പയ്യനാട്, പുൽപ്പറ, പുന്നക്കോട്-പാലശ്ശേരിക്കുന്ന്, പാലക്കാട്-തൃപ്പനച്ചി, പാലക്കാട്.

(സി) സാധനസാമഗ്രികളുടെ ലഭ്യതക്കുറവാണ് കാലതാമസത്തിന് കാരണമായിട്ടുള്ളത്.

(ഡി) ഒരു വർഷത്തിനകം പണികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

മലപ്പുറം ജില്ലയിൽ പോൾ കാസ്റ്റിംഗ് യൂണിറ്റ്

44 [2033] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:
,, പി. കെ. അബ്ദുറബ്ബ്:
,, സി. മോയിൻകുട്ടി:
,, നാലകത്ത് സൂപ്പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുത പോസ്റ്റുകൾ ഇല്ലാത്തതിനാൽ കണക്ഷൻ വൈകുന്നത് സർക്കാരിൻറെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുവാൻ മലപ്പുറം ജില്ലയിൽ പോൾ കാസ്റ്റിംഗ് യൂണിറ്റ് തുടങ്ങുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly